**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 733** **24-08-2022 - ൽ മറുപടിയ്ക്ക്**

**കരുവന്നൂർ സഹകരണ ബാങ്കിലെ നിക്ഷേപകർക്ക് പണം തിരിച്ചുനൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. സജീവ് ജോസഫ്** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | കരുവന്നൂർ സഹകരണ ബാങ്കിലെ നിക്ഷേപകർക്ക് പണം തിരിച്ചുനൽകാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിലെ നിക്ഷേപകരുടെ നിക്ഷേപം സമയബന്ധിതമായി തിരികെ നൽകുന്നതിന് സംഘത്തിന്റെ പ്രവർത്തനം പൂർവ്വസ്ഥിതിലാക്കുന്നതിനും സഹകാരികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും സർക്കാർ ഉത്തരവ് (സാധാ)564/2022/സഹ തീയതി 20/08/2022 പ്രകാരം ഒരു പദ്ധതി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി സഹകരണ സംഘം രജിസ്ട്രാറുടെ മേൽനോട്ടത്തിൽ സമയബന്ധിതമായി നടപ്പിലാക്കുന്നതും ഇക്കാര്യങ്ങളെല്ലാം തന്നെ സർക്കാർ സസൂക്ഷ്മം നിരീക്ഷിക്കുന്നതുമാണ്. |
| (ബി) | കരുവന്നൂർ ബാങ്കിൽ ലക്ഷങ്ങളുടെ നിക്ഷേപം ഉണ്ടായിട്ടും ചികിത്സയ്ക്ക് പണം കിട്ടാതെ സ്ത്രീ മരിച്ചതായി പറയപ്പെടുന്ന സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ; | (ബി) | കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിലെ നിക്ഷേപക ആയിരുന്ന ഫിലോമിനയുടെയും അവരുടെ ഭർത്താവിന്റെയും നിക്ഷേപം പിൻവലിക്കുന്നതിനായി ബാങ്കിനെ സമീപിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 01/07/2021 മുതൽ 26/7/2022 വരെ 4,60,000/- രൂപയും 27/07/2022 ന് 2,00,000/- രൂപയും 3/8/2022 ന് 2,00,000/- രൂപയും 6/8/2022 ന് 23,00,000/- രൂപയും നൽകിയിട്ടുണ്ട്. |
| (സി) | കരുവന്നൂർ സഹകരണ ബാങ്കിലെ നിക്ഷേപകർക്ക് പണം തിരിച്ചുകൊടുക്കാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) | ബാങ്കിലെ സാമ്പത്തിക പ്രതിസന്ധി മൂലം നിക്ഷേപകരുടെ അപേക്ഷകൾക്ക് മുൻഗണന മാനദണ്ഡം നിശ്ചയിച്ചാണ് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി പണം അനുവദിക്കുന്നത്. ആശുപത്രി ചികിത്സ, മരണാനന്തര സഹായം, വിവാഹം, വിദ്യാഭ്യാസം എന്നീ ആവശ്യങ്ങൾക്കാണ് മുൻഗണന നൽകിയിട്ടുള്ളത്. |
| (ഡി) | പാർട്ടി അനുഭാവികൾക്ക് പണം തിരിച്ചുനൽകുന്നതിൽ മുൻഗണന നൽകുന്നു എന്ന | (ഡി) | ഇല്ല. |

| | | | |
|---|---|---|---|
| | ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ എന്നും ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ എന്നും അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ